**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4090 25.06.2018-ൽ മറുപടിയ്ക്ക്.

**നെയ്യാർ വന്യജീവി സങ്കേതത്തിലെ ഔഷധത്തോട്ടം**

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | ഉത്തരം<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|
| (എ) നെയ്യാർ വന്യജീവി സങ്കേതത്തിൽപ്പെടുന്ന കാപ്പുകാട്ടിൽ 1996 ൽ ആരംഭിച്ച ഔഷധത്തോട്ടം പദ്ധതി നാശോന്മുഖമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരുത്തിപ്പള്ളി റെയിഞ്ചിന്റെ ഭാഗമായിരുന്ന 1986 അക്കേഷ്യ തോട്ടം അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് റെയിഞ്ച്-1 ന്റെ കീഴിൽ 1995-ൽ അന്തിമ വെട്ട് നടത്തിയ ശേഷം പ്രസ്തുത സ്ഥലത്ത് മെഡിസിനൽ പ്രൊപ്പഗേഷൻ സെന്റർ, കാപ്പുകാട് എന്ന പേരിൽ ആരംഭിച്ച ഔഷധസസ്യ തോട്ടത്തിൽ ആവശ്യമായത്ര സ്റ്റോക്ക് നിലവിലില്ല. |
| (ബി) അപൂർവ്വവും വംശനാശം നേരിടുന്നതുമായ സസ്യങ്ങൾ സംരക്ഷിക്കുന്നതിനും നട്ടുവളർത്തുന്നതിനും പഠന ഗവേഷണങ്ങൾക്കുമായി ആരംഭിച്ച പദ്ധതി, ഫണ്ട് അനുവദിക്കാത്തത് മൂലമാണ് പരാജയമായത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) പ്രസ്തുത ഔഷധത്തോട്ടത്തിന്റെ വിസ്തൃതി എത്രയാണെന്നും ആരുടെ സംരക്ഷണയിലാണ് പ്രസ്തുത സ്ഥലമെന്നും വെളിപ്പെടുത്തുമോ; | (സി) പ്രസ്തുത ഔഷധ തോട്ടത്തിന് 2 ഹെക്ടർ വിസ്തൃതിയുണ്ട്. ആയത് അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് റെയിഞ്ച്, കോട്ടൂരിന്റെ സംരക്ഷണയിലാണ്. |
| (ഡി) ഔഷധച്ചെടികൾ വെച്ച് പിടിപ്പിച്ച് സ്ഥിരമായി ഈ തോട്ടത്തെ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) ഔഷധസസ്യ തോട്ടമായിരുന്ന പ്രസ്തുത സ്ഥലം ഇപ്പോൾ കാട്ടുമരങ്ങളും അക്കേഷ്യ മരങ്ങളും വളർന്ന് സ്വാഭാവിക വനത്തിന്റെ ഭാഗമായി തീർന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ